44 (1689) കേടായ കുഴൽക്കിണറുകൾ പ്രവർത്തനക്ഷമമാക്കുവാൻ നടപടി

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ ഓരോ ജില്ലയിലും എത്ര ലക്ഷം രൂപ നീക്കിവെച്ചിട്ടുണ്ട്;

(ബി) കേടായ കുഴൽക്കിണറുകൾ നന്നാക്കി പ്രവർത്തനയോഗ്യമാക്കാൻ എന്തെങ്കിലും പദ്ധതി സർക്കാർ നടപ്പിലാക്കുമോ?

ഉത്തരം

(എ) ഭൂജലവകുപ്പിന് പ്രത്യേകം തുക അനുവദിച്ചിട്ടില്ല. ജില്ലാ കളക്ടർമാർ, ജില്ലാ പഞ്ചായത്തുകൾ, ഗ്രാമപഞ്ചായത്തുകൾ എന്നിവ തുക അനുവദിക്കുന്നതിനനുസരിച്ച് കുഴൽക്കിണറുകൾ ഭൂജലവകുപ്പ് നിർമ്മിച്ച് നൽകുന്നതാണ്.

(ബി) കേടായ ഹാൻഡ് പമ്പുകൾ നന്നാക്കുന്നതിന് ജില്ലാ കളക്ടർമാർ, ത്രിതല പഞ്ചായത്തുകൾ എന്നിവർ തുക അനുവദിക്കുന്നതനുസരിച്ച് ഹാൻഡ് പമ്പുകൾ ഭൂജലവകുപ്പ് അറ്റകുറ്റപ്പണികൾ നടത്തി കുഴൽക്കിണറുകൾ പ്രവർത്തനയോഗ്യമാക്കുന്നതാണ്.

45 (1691) കൂട്ടായി റഗുലേറ്റർ - കം - ബ്രിഡ്ജിന്റെ പണി പൂർത്തിയാക്കാൻ നടപടി

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂട്ടായി റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പുതുക്കിയ എസ്റ്റിമേറ്റ് ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഈ പ്രോജക്ടിന്റെ അവശേഷിക്കുന്ന ജോലികൾ പൂർത്തിയാക്കുന്നതിന് എന്ത് നടപടികളാണ് ഗവൺമെന്റ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി)കൂട്ടായി റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പണി പൂർത്തിയാക്കുന്നതിന് 433 ലക്ഷം രൂപ മതിപ്പ് ചെലവ് വരുന്ന ഒരു എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ പരിശോധനയിലാണ്.

46 (1692) വലിയകുളം വാട്ടർ സപ്ലൈ സ്കീം

ശ്രീ. എൻ. സുന്ദരൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്കൽ പഞ്ചായത്തിൽ 1986-ൽ ആവിഷ്കരിച്ച വലിയകുളം വാട്ടർ സപ്ലൈ സ്കീം, വലിയകുളത്തിൽ ആരംഭിക്കാതെ നെയ്യാറിൽ ആരംഭിക്കുകയും അനധികൃത മണലൂറ്റ് നിമിത്തം ജലനിരപ്പ് താഴുകയും ചെയ്തത്

LIBRARY ARCHIVES Kerala Legislative Assembly